അടിയന്തരാവസ്ഥത്തടവുകാരെ രാഷ്ട്രീയത്തടവുകാരായി അംഗീകരിക്കുന്നതിന് നടപടി

28 (31) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

രാജ്യത്തെ പൗരാവകാശങ്ങളെ സംരക്ഷിക്കുന്നതിന് പോരാട്ടം നടത്തിയ അടിയന്തരാവസ്ഥത്തടവുകാരെ രാഷ്ട്രീയത്തടവുകാരായി അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് നടപടികൾ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഇല്ല.

വിവരാവകാശ കമ്മീഷണർമാർ നിയമപ്രകാരം ചുമത്തേണ്ടപിഴ ചുമത്താത്തതുമൂലമുള്ള കോടികളുടെ നഷ്ടം

29 (32) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരാവകാശ കമ്മീഷണർമാർ നിയമപ്രകാരം ചുമത്തേണ്ടപിഴ ചുമത്താത്തതുമൂലം കോടികളുടെ നഷ്ടം ഉണ്ടായി എന്ന പബ്ലിക് കേസ് ഫൗണ്ടേഷന്റെ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) സംസ്ഥാന വിവരാവകാശ കമ്മീഷണർമാരും നിയമാനുസൃതപിഴ ചുമത്തുന്നതിൽ വിമുഖരാണെന്ന പരാമർശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിൽ എത്ര കമ്മീഷണർമാരുണ്ട് എന്നും പ്രതിവർഷം കമ്മീഷനുവേണ്ടിവരുന്ന ചെലവെത്രയെന്നും വെളിപ്പെടുത്തുമോ ;

(ഡി) പി.എസ്.സി. അംഗമായിരുന്ന ആരെങ്കിലും കമ്മീഷൻ അംഗമായി പ്രവർത്തിക്കുന്നുണ്ടോ എന്നും അദ്ദേഹം തന്റെ കാലാവധിയിൽ എത്ര കേസ്സുകൾ തീർപ്പാക്കിയെന്നും എന്തുതുക പിഴ ചുമത്തിയെന്നും വ്യക്തമാക്കുമോ ;

(ഇ) കമ്മീഷനിൽ ഇപ്പോൾ എത്ര കേസ്സുകൾ നിലവിലുണ്ടെന്നും, ഒരുവർഷത്തിലേറെ പഴക്കമുള്ള അപ്പീൽ പെറ്റീഷനുകൾ എത്രയുണ്ടെന്നുമുള്ള വിവരം നൽകുമോ ; അതിൽ ഏറ്റവും പഴക്കമുള്ള കേസിന്റെ വിവരം നൽകുമോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിൽ മൂന്ന് കമ്മീഷണർമാരുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ ഏകദേശം 2,05,61,000 രൂപ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly